DESPATCHED
On 31/8/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി. 1133(3)/2021/എസ്.ഐ.സി

(ഫയൽ നം. 9948/എസ്.ഐ.സി - ജി 1/2021)

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 29/08/2022

ശ്രീ. രവീന്ദ്രൻ.ഇ.എം
ഹരിശ്രീ,
കായണ്ണ ബസാർ പി.ഒ
പേരാമ്പ്ര വഴി, കോഴിക്കോട്. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   കായണ്ണ ഗ്രാമപഞ്ചായത്ത്
   കോഴിക്കോട്

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 06.03.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 23.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16.07.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ സമർപ്പിച്ച തീയതി | 16.08.2021 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24.08.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 31.08.2021 |

# ഉത്തരവ്

കോഴിക്കോട് കായണ്ണ ബസാറിൽ 'ഹരിശ്രീ' യിൽ താമസിക്കുന്ന രവിന്ദ്രൻ.
ഇ.എം എന്നയാൾ കായണ്ണ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ എസ്.പി.ഐ.ഒ ആയ
സെക്രട്ടറിയോട് അനധികൃത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമനടപടികൾ
സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമായ മറുപടി
ലഭിക്കാത്തതിനെ തുടർന്നാണ് ഒന്നാം അപ്പീൽ അധികാരിയായ കോഴിക്കോട് പഞ്ചാ
യത്ത് അസിസ്റ്റന്റ് ഡയറക്ടറെ സമീപിച്ചത്. എന്നാൽ അവിടെ നിന്നും ലഭിച്ച വിവര
ങ്ങൾ തൃപ്തികരമല്ലെന്ന പരാതിയുമായാണ് ടിയാൻ കമ്മീഷനെ സമീപിച്ചത്.

2. 20/08/2022ൽ കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നട
ത്തിയ ഹിയറിംഗിൽ കമ്മീഷൻ ഈ അപ്പീൽ പരാതി പരിഗണിച്ചു. പരാതിക്കാരൻ
ഹാജരായില്ല. അപ്പീൽ അധികാരിയും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുമായ ശ്രീ
പ്രസാദ്. പി.ടി ഹാജരായി. മറുപടി കൃത്യമായി നൽകിയിട്ടുണ്ടെന്നും കോവിഡ് കാല
ത്തെ ഓഫീസ് പ്രവർത്തനങ്ങളുടെ ക്രമീകരണം കാരണമാണ് പകർപ്പ് എത്തിക്കുവാൻ
വൈകിയതെന്നുമാണ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ബോധിപ്പിച്ചത്. ഇത് ഉത്തമ
വിശ്വാസത്തിലെടുത്ത് ഈ ഫയലിലെ തുടർ നടപടികൾ തീർപ്പാക്കികൊണ്ടുള്ള ഉത്ത
രവ് ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 29-ാംതീയതി) പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM